LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സാക്ഷരതാ പദ്ധതി

14(*194) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കായി കാർഷിക സാക്ഷരതാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി ഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് കാർഷിക സാക്ഷരതാ പദ്ധതി. ശാസ്ത്ര സാങ്കേതികത പ്രയോജനപ്പെടുത്തി പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, അഗ്രി ഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ സംഘാടനത്തിനായി യുവജനക്ഷേമ ബോർഡ് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് 17-ന് കർഷകദിനത്തിൽ കാർഷിക യുവത്വ ശില്പശാല ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. കാർഷിക ശില്പ ശാലകൾ, തെങ്ങുകയറ്റ പരിശീലനം, കാർഷിക സാക്ഷരതാ രജിസ്റ്റർ പ്രകാശനം, കൃഷി-മൃഗസംരക്ഷണ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്ന സെമിനാറുകൾ, വിദ്യാർത്ഥികളെ യൂണിറ്റുകളായി തിരിച്ച് കൃഷി ചെയ്യിക്കലും വിളവെടുക്കലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി പരിശീലന പരിപാടികൾ, കാർഷിക വിദഗ്ധരുമായുള്ള മുഖാമുഖം, കാർഷിക വിളംബര ഘോഷയാത്ര എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.